## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1480** **06.03.2017 ൽ മറുപടിയ്ക്ക്**

### കർഷക പെൻഷൻ വിതരണം

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | | മറുപടി<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | സംസ്ഥാനത്തെ കർഷകർക്ക് ഒരു വർഷമായി പെൻഷൻ വിതരണം ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ; 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ എത്ര രൂപയാണ് കർഷക പെൻഷന് വേണ്ടി നീക്കിവെച്ചിട്ടുള്ളത്; ഈ തുക ചെലവഴിച്ചിട്ടുണ്ടോ; | എ) | പെൻഷൻ അർഹരുടെ മാനദണ്ഡം നിശ്ചയിക്കുന്ന ലിസ്റ്റ് തയ്യാറാക്കുന്നതിൽ ധാരാളം അപാകതകൾ ഉണ്ടായിരുന്നതിനാൽ കർഷക പെൻഷൻ ലഭിച്ചുകൊണ്ടിരുന്നവരുടെ ലിസ്റ്റിൽ നിന്നും അനർഹരെ ഒഴിവാക്കുന്നതിനും മാനദണ്ഡം പുനർ നിർണ്ണയിക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിച്ച് വന്നിരുന്നതിനാലാണ് പെൻഷൻ മുടങ്ങിയത്.മാനദണ്ഡങ്ങൾ പുനർ നിർണ്ണയിച്ച് 03.03.2017- ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2016-2017 സാമ്പത്തികവർഷം 113.5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നയുടൻ ഈ തുക പൂർണ്ണമായും കർഷകർക്ക് നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുൻ സർക്കാർ നല്കാൻ കുടിശ്ശിക ആക്കിയിരുന്നതുൾപ്പെടെ 151.41 കോടി രൂപ ഇതിനകം നൽകിക്കഴിഞ്ഞു. |
| ബി) | പെൻഷൻ പദ്ധതിയിൽ നിന്നും അർഹരായ കർഷകരെ ഒഴിവാക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പരാതി പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| സി) | 2015-16 കാലഘട്ടത്തിൽ എത്ര കർഷകർക്കാണ് പെൻഷൻ ലഭിച്ചുകൊണ്ടിരുന്നത്; ഇതിനായി എത്ര രൂപയാണ് ചെലവാക്കിയത്; 2016-17-ൽ എത്ര കർഷകരാണ് ഈ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കാമോ? | സി) | 2015-16 കാലഘട്ടത്തിൽ 348672 പേർക്കാണ് പെൻഷൻ ലഭിച്ചുകൊണ്ടിരുന്നത്. 2016-17 കാലഘട്ടത്തിൽ 356663 കർഷകരാണ് ലിസ്റ്റിൽ ഉള്ളത്. ആകെ 448.15 കോടി രൂപ ഇതിനായി ചെലവാക്കിയിട്ടുണ്ട്. |

S. [signature]

സെക്ഷൻ ഓഫീസർ